# പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2929 10.03.2017 ൽ മറുപടിക്ക്**

**തലസ്ഥാന നഗരവികസനം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ .എം.സ്വരാജ് | ശ്രീ ജി സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |

എ) തലസ്ഥാന നഗരവികസനത്തിന്റെ ഭാഗമായി എത്ര റോഡുകളുടെ വികസനമാണ് കേരളാ റോഡ് ഫണ്ട് ബോർഡ് മുഖേന നടപ്പിലാക്കുന്നത്; അവയുടെ വിവരങ്ങൾ ലഭ്യമാക്കുമോ;

എ) തലസ്ഥാന നഗര വികസനത്തിന്റെ ഭാഗമായി കേരള റോഡ് ഫണ്ട് ബോർഡ് മുഖേന രണ്ട് മേല്പ്പാലങ്ങളും ഒരു അടിപ്പാതയും നാലു പാലങ്ങളും ഒരു റെയിൽവെ ഓവർബ്രിഡ്ജും ഉൾപ്പെടുത്തി നഗരത്തിലെ ഏറ്റവും പ്രധാന പ്പെട്ട 42കി.മീ. റോഡുകളുടെ വികസനമാണ് പദ്ധതിയിൽ ലക്ഷ്യമിട്ടത്. ബി.ഒ.റ്റി. ആന്വറ്റി വ്യവസ്ഥയിൽ പൊതു-സ്വകാര്യ പങ്കാളിത്തത്തോടു കൂടിയാണ് പദ്ധതി നടപ്പിലാക്കുന്നത്. ഇവയിൽ 4.9 കി.മീ രണ്ടുവരി പാതയായും 13.1 കി.മീ. മൂന്നുവരി പാതയായും 17.13 കി.മീ നാലുവരി പാതയായും 6.83 കി.മീ ആറുവരിപാതയായുമാണ് വികസിപ്പിച്ചിട്ടുള്ളത്. ഇപ്രകാരം വികസിപ്പിച്ച റോഡുകൾ താഴെ പ്പറയുന്നവയാണ്.

1.എൽ.എം.എസ് - കവടിയാർ
2. എൽ.എം.എസ് - സ്റ്റുഡൻസ് സെന്റർ
3. വെള്ളയമ്പലം - ശാസ്തമംഗലം
4. എൽ.എം.എസ് - അട്ടക്കുളങ്ങര (എം.ജി. റോഡ്)
5. മ്യൂസിയം - ബേക്കറി ജംഗ്ഷൻ - തമ്പാനൂർ - ഓവർബ്രിഡ്ജ്
6. എയർ പോർട്ട് - എം.എൽ.എ ഹോസ്റ്റൽ
7. നാലുമുക്ക് - പഴയ കളക്ടറേറ്റ് - തകരപ്പറമ്പ്

[redacted] [redacted]

| | | |
|---|---|---|
| | | - പവർ ഹൗസ് & ചൂരക്കാട്ടുപാളയം മുതൽ പാറ്റൂർ വഴി വഞ്ചിയൂർ<br>8. വാൻറോസ് ജംഗ്ഷൻ - സെക്രട്ടേറിയറ്റ് മെയിൻ ഗേറ്റ്<br>9. കവടിയാർ- പട്ടം<br>10. പട്ടം - മുറിഞ്ഞപാലം - മെഡിക്കൽ കോളേജ് - ഉള്ളൂർ<br>11. ഉള്ളൂർ - കൊച്ചുള്ളൂർ<br>12. കവടിയാർ - പേരൂർക്കട<br>13. പേരൂർക്കട - വഴയില<br>14. അട്ടക്കുളങ്ങര -ശ്രീവരാഹം - ഈഞ്ചക്കൽ<br>15. എൻ.എച്ച് ബൈപ്പാസ് - പടിഞ്ഞാറേക്കോട്ട - ശ്രീകണ്ഠേശ്വരം<br>16. മുറിഞ്ഞപാലം - പൂന്തി റോഡ് - എൻ.എച്ച് ബൈപ്പാസ് |
| ബി) | ഇവയിൽ നൂറു ശതമാനവും നിർമ്മാണം പൂർത്തിയാക്കിയ റോഡുകളുടെ വിവരങ്ങൾ ലഭ്യമാക്കുമോ; | ബി) ഇവയിൽ പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ ഉൾപ്പെടുത്തി 14.27 കി.മീ റോഡും, രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുത്തി 15.7 കി.മീ. റോഡും മൂന്നാം ഘട്ടത്തിൽ ഉൾപ്പെടു ത്തി 7.6 കി.മീ. റോഡും, നാലാം ഘട്ടത്തിലുൾപ്പെട്ട 4.78 കി.മീ. റോഡും നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്. |
| സി) | ഇവയിൽ മാതൃകാ റോഡായി ഏതെല്ലാം റോഡുകളെ പ്രഖ്യാപിച്ചിട്ടുണ്ട്; | സി) ഇവയിൽ വെള്ളയമ്പലം - ശാസ്തമംഗലം റോഡ് മാതൃകാ റോഡായി ട്രാഫിക് പോലീസ് പ്രഖ്യാപിക്കുകയും അതനുസരിച്ച് ട്രാഫിക് പരിപാലനവും നടത്തി വരുന്നു. |
| ഡി) | ഇവയുടെ പരിപാലനം എത്ര വർഷത്തേക്കാണ് ഇവരിൽ നിക്ഷിപ്ത മായിട്ടുള്ളത് എന്ന് അറിയിക്കുമോ; | ഡി) റോഡുകളുടെ വികസനം പൂർത്തിയാക്കിയ ശേഷം അവയുടെ 15 വർഷത്തെ സംരക്ഷണവും പരിപാലനവും കരാർ ഏറ്റെടുത്ത തിരുവനന്തപുരം റോഡ് ഡവലപ്മെന്റ് കമ്പനിയുടെ ചുമതലയാണ്. |
| ഇ) | എന്തെല്ലാം പ്രവൃത്തികളാണ് ഇത്രയും വർഷക്കാലങ്ങളിൽ അവർ നടത്തേണ്ടത് എന്ന് അറിയിക്കുമോ? | ഇ) റോഡുകളിൽ രൂപപ്പെടുന്ന ചെറുകുഴികളും, റോഡുകൾ പൊട്ടിപ്പൊളിയുന്നതും യഥാസമയം അടച്ച് ശരിയാക്കുക, റോഡിനിരുവശത്തുമുള്ള മഴവെള്ളം |

ഒലിച്ചുപോകുന്നതിനുള്ള ഓടകൾ വൃത്തിയാക്കുക, അടയാള ബോർഡുകൾ ശരിയായി സ്ഥാപിക്കുക, റോഡ് മാർക്കിംഗുകൾ, തെരുവു വിളക്കുകൾ എന്നിവ യഥാസമയം പരിപാലിക്കുക, മരങ്ങളുടെ ചില്ലകൾ വെട്ടി ശരിയായവിധം സംരക്ഷിക്കുക, പുൽത്തകിടികളുടെയും പൂമേടുകളുടെയും പരിപാലനം, റോഡ് ഫർണിച്ചറുകളുടെ കേടുപാടുകൾ തീർക്കുക എന്നിവയാണ് വികസനം പൂർത്തിയാക്കിയ ശേഷം 15 വർഷത്തേക്ക് പദ്ധതിയുടെ കൺസഷണറിൽ നിക്ഷിപ്തമായിട്ടുള്ള ചുമതലകൾ. ഇതു കൂടാതെ റോഡിന്റെ roughness value അനുവദനീയമായ ലവലിൽ കൂടുകയാണെങ്കിൽ ആനുകാലികപരിപാലന മായി 25mm BC wearing course യഥാസമയം ചെയ്യേണ്ടതും കൺസഷ ണറുടെ ചുമതലയാണ്.

സെക്ഷൻ ഓഫീസർ